നം കെഎസ്എ.കെടിഎം.പി.6-1676/2016 തീയതി-07.11.16

# കോട്ടയം ജില്ലയിലെ **വെച്ചൂർ** ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.16 മുതൽ 07.10.16 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വർഗ്ഗീസ് ജോസഫ് , ഡെപ്യൂട്ടിഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.10.2016 മുതൽ 22.10.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി സുലത.ഡി, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ഇന്ദുലേഖ.എ), അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീ.രതീഷ്.സി.ആർ, അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീമതി അമ്പിളി.യു, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി ഉഷാ മധു (1.4.15 മുതൽ 31.10.15 വരെ)<br>ശ്രീമതി. ശകുന്തള 19.11.15 -31.03.16 |
| സെക്രട്ടറി | ശ്രീ. സി.ആർ.പ്രസാദ് (1.4.15 മുതൽ 31.3.16 വരെ) |
| സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ | |

| | |
|---|---|
| വികസനകാര്യം | ശ്രീമതി ശകുന്തള 1.4.15 മുതൽ 31.10.15 വരെ<br>ശ്രീമതി ലൈജു ശശി 04.12.15 -31.03.16 |
| ക്ഷേമകാര്യം | ശ്രീമതി അമ്മിണി ഗോപാലൻ (1.4.15 മുതൽ 31.10.15 വരെ)<br>ശ്രീമതി മിനിമോൾ കോട്ടയ്ക്കൽ 04.12.15 -31.03.16 |
| ആരോഗ്യം, വിദ്യാഭ്യാസം | ശ്രീ. ഷൈലകുമാർ കെ.ആർ. (1.4.14 മുതൽ 31.10.15 വരെ)<br>ശ്രീമതി റ്റി.എം.അശ്വതി 04.12.15 -31.03.16 |
| ധനകാര്യം | ശ്രീമതി ജയൻ (1.4.14 മുതൽ 31.10.15 വരെ)<br>ശ്രീമതി ജയശ്രീ നന്ദകുമാർ 19.11.15 -31.03.16 |

മറ്റു നിർവഹണോദ്യോഗസ്ഥർ

| | |
|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | വി.ജെ.ആന്റണി 1.4.15 മുതൽ 31.08.15 വരെ<br>എം.പി. ചന്ദ്രഭാനു 1.09.15-31.03.16 |
| അസിസ്റ്റന്റ് എൻജിനിയർ | ശ്രീമതി പി.പി. റെജിമോൾ 1.4.15 മുതൽ 15.05.15 വരെ<br>ശ്രീമതി പി.യു ഭാവന 20.05.2015-31.03.16 |
| കൃഷി ഓഫീസർ | ശ്രീ. സഞ്ജു സൂസൻ മാത്യു (1.4.15 മുതൽ 31.3.16 വരെ) |
| വെറ്ററിനറി സർജൻ | ശ്രീ. കെ.സി.സന്തോഷ് (1.4.15 മുതൽ 31.3.16വരെ) |
| വി.ഇ.ഒ. | ശ്രീ. സിനിമോൻ ടി.സി. 1.4.15 മുതൽ 31.01.16 വരെ<br>ശ്രീമതി ആശാ ശ്രീധരൻ 1.04.15 -31.03.16 |
| ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീമതി രമ്യ.റ്റി.ആർ 1.4.15 മുതൽ 31.3.16 വരെ) |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ. കെ.ശിവദാസൻ (1.4.15 മുതൽ 31.3.16 വരെ) |
| എെ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി കെ.ജി.രതിമണി (1.4.15 മുതൽ 31.3.16 വരെ) |
| മെഡിക്കൽ ഓഫീസർ , ഹോമിയോ | ശ്രീ.ബലരാജ് എസ്, (1.4.15 മുതൽ 31.3.16 വരെ) |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ. ജയന്തി, (1.4.15 മുതൽ 31.3.16 വരെ) |

## റിപ്പോർട്ടിന്റെ ഉള്ളടക്കം


| ഭാഗം 1--പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|
| ബജറ്റ് | 1-1 |
| വാർഷിക ധനകാര്യപത്രിക | 1-2 |
| വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| സാമ്പത്തിക വിശകലനം | 1-4 |
| ഫണ്ട് വിനിയോഗം | 1-5 |
| പദ്ധതി അവലോകനം | 1-6 |
| തനതുവരുമാനം | 1-7 |
| ക്ഷേമപദ്ധതികൾ | 1-8 |
| ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം | 1-10 |
| ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടില്ല | 1-11 |
| ഭാഗം 2 വരവുകണക്കുകൾ | |
| വാർഷികകണക്കുകളുടെ അവലോകനം | 2-1 |
| വസ്തു നികുതി നിർണ്ണയം | 2-2-1 |
| വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പരുകൾ നൽകി വസ്തുനികുതി നിർണ്ണയിച്ചതുമൂലം നികുതിയിനത്തിൽ നഷ്ടം | 2-2-2 |
| മൊബൈൽ ടവറുകളുടെ വസ്തുനികുതി പരിഷ്കരണം അപാകതകൾ | 2-2-3 |
| വസ്തുനികുതി--കുടിശിക തുക ഇൗടാക്കാൻ നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച് | 2-2-4 |
| ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി | 2-3-1 |

| | |
|---|---|
| ഈടാക്കിയിട്ടില്ല | |
| ഭാഗം 3 ചെലവുകണക്കുകൾ | |
| പത്രപ്പരസ്യം നൽകൽ--സർക്കാർ നിർദ്ദേശം പാലിക്കാത്തത്--വിശദീകരണം ലഭ്യമാക്കുന്നത് സംബന്ധിച്ച് | 3-1 |
| കായൽ പുറമ്പോക്ക് കയ്യേറ്റം നീക്കം ചെയ്യുന്നത്--തുടർ നടപടി സംബന്ധിച്ച് | 3-2 |
| മീഡിയാശ്രീ പദ്ധതി--നാളിതുവരെ വീഡിയോ ഡോക്കുമെന്ററി ലഭിച്ചിട്ടില്ല | 3-3 |
| മറ്റ് നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 3-4 |
| ആശ്രയ പദ്ധതി | 3-5 (എ) |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | 3-5 (ബി) |
| തൊഴിലാളി ക്ഷേമനിധി വിഹിതം--വരവ് ചെലവ് കണക്കുകളുടെ കൃത്യമായ വിവരങ്ങളില്ല | 3-6 |
| ഗുണഭോക്തൃസമിതി നടപ്പാക്കിയ വേലകൾ--വാറ്റ് അധിക നിരക്കിൽ ഒടുക്കുവരുത്തി | 3-7 |
| അങ്കൻവാടി കെട്ടിട നിർമ്മാണം--ഫൗണ്ടേഷനുമാത്രമായി എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കി | 3-8 |
| നിക്ഷേപ പ്രവൃത്തികൾ നിർവ്വഹണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല--നിക്ഷേപപ്രവൃത്തികൾ--പൂർത്തീകരണ വിവരങ്ങൾ ലഭ്യമായിട്ടില്ല | 3-9 |
| മെറ്റലിംഗിന് മാത്രമായുള്ള റോഡ് പ്രവൃത്തികൾ അധികച്ചെലവിനിടയാക്കുന്നു. | 3-10 |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| വായ്പ-വായ്പ തിരിച്ചടവ് | 4-4 |
| സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| ഓഡിറ്റ് റിക്കവറി | 4-6 |
| സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| ബാലൻസ് ഷീറ്റ് | അനുബന്ധം-2 |
| ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-3 |
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-4 |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നമ്പർ തീയതി | ( പുതുക്കിയത്) |
|---|---|
| 30.03.2015 -ലെ ഒന്നാം നമ്പർ തീരുമാനം | 01.03.2016 |

### 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 30.06.2016 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 14,562516/- |
| വരവ് | 31382911/- |
| ആകെ | 45945427/- |
| ചെലവ് | 43903307/- |
| നീക്കിബാക്കി | 2042120/- |

# 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1143003 | 2038555 | 3181558 | 3181558 | | ഇല്ല |
| വികസന ഫണ്ട്(എസ്.സി.പി) | 2449263 | 3016575 | 5465838 | 5465838 | | ഇല്ല |
| വികസനഫണ്ട്(ടി.എസ്.പി) | 14000 | - | | | | ഇല്ല |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1815640 | 4994130 | 6809770 | 6809770 | | ഇല്ല |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 452016 | 178940 | 630956 | 630956 | | ഇല്ല |
| ധനകാര്യ കമ്മീഷൻ അവാർഡ് | 2238847 | 6110782 | 8349629 | 8349629 | | ഇല്ല |
| ലോക ബാങ്ക് സഹായം | 2535220 | 2167088 | 4702308 | 4702308 | | ഇല്ല |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയ | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 154 | 116 | 4 | 34 | 75 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 25 | 19 | 7457638 | 5441575 | 72.96 |
| അസിസ്റ്റന്റ് സെക്രട്ടറി | 13 | 9 | 3878964 | 3393522 | 87.48 |
| അസിസ്റ്റന്റ് എൻജിനിയർ | 81 | 64 | 16766990 | 11730611 | 69.96 |
| കൃഷി ഓഫീസർ | 2 | 2 | 2855000 | 1455000 | 50.96 |
| വെറ്ററിനറി സർജൻ | 4 | 4 | 1135130 | 1135130 | 100 |
| വി.ഇ.ഒ./എൽ.വി.ഒ | 11 | 6 | 9619050 | 3259000 | 33.88 |
| ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | - | - | - | - | - |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 7 | 6 | 3813500 | 2076156 | 54 |
| എെ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 5 | 2332400 | 1986084 | 85 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 3 | 2 | 626505 | 541205 | 86 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 1 | 450000 | 450000 | 100 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 2 | 105000 | 105000 | 100 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1964310 | 2011517 | 47207 | 2.4% കൂടുതൽ |
| നികുതിയേതര വരവുകൾ | 482222 | 595150 | 112928 | 23.4% കൂടുതൽ |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 4868016 | 5161315 | 293299 | 6% കൂടുതൽ |
| ആകെ | 7314548 | 7767982 | 453434 | 6% കൂടുതൽ |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിതദിവസത്തിനകം തീരുമാനംമെടുത്തവ. | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 54 | 50 | 4 | |
| 2 | തൊഴിൽ രഹിത വേതനം | 51 | 37 | 14 | " |
| 3 | വിധവാ പെൻഷൻ | 32 | 32 | - | " |
| 4 | വികലാംഗ പെൻഷൻ | 14 | 14 | - | " |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3 | 3 | - | " |
| 6 | വാർദ്ധക്യകാല പെൻഷൻ | 1104 | 310 | 520 | " |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.10.16ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 1152 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 22.06.2016-23.06.2016 | 2015-16 | - | - |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 26.11.2008 | 1997-1998മുതൽ 2007-2008വരെ. | LBA(HQ)11/8A,1370/315തിയതി13.01.2009 | |

## 1-11 ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടില്ല

ഗ്രാമസഭാംഗങ്ങളുടെ ഒത്തുചേരലിനും വാർഡിലെ വികസന- സേവന-ക്ഷേമപ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള കേന്ദ്രമെന്ന നിലയിൽ ഓരോ വാർഡിലും ഓരോ വാർഡ്കേന്ദ്രം ആരംഭിക്കണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള12- ാം പദ്ധതിമാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിൽ ഏതെല്ലാം വാർഡുകളിൽ ഗ്രാമകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനവിവരങ്ങൾ, അതിനായി നാളിതുവരെ വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരം എന്നിവ ലഭ്യമാക്കണമെന്നും രേഖാമൂലം ആവശ്യപ്പെട്ടതിന് (എൻക്വയറിനം.8) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിന്റെ 1,11വാർഡുകളിൽ ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിനുള്ള കെട്ടിടങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്നും തൻവർഷം ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്കായി 350000/-രൂപ വകയിരുത്തിയിരുന്നെങ്കിലും ഈയിനത്തിൽ തുക ചെലവഴിച്ചിട്ടില്ല എന്നും അറിയിക്കുകയുണ്ടായി.

ഗ്രാമസഭകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും എല്ലാ വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ ആരംഭിക്കേണ്ടതാണെന്നുള്ള സർക്കാർ ഉത്തരവ് പാലിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കുകളുടെ അവലോകനം

2015-16 വർഷത്തെ വാർഷികകണക്കുകൾ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടില്ല.
2. വസ്തുനികുതിയിനത്തിൽ പിരിഞ്ഞ് കിട്ടുവാനുള്ള കുടിശ്ശിക തുകയുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല.
3. നിർമ്മാണത്തൊഴിലാളി ക്ഷേമനിധിവിഹിതമിനത്തിലുള്ള യഥാർത്ഥ വരവ്-ചെലവുകണക്കുകൾ വാർഷികകണക്കിൽ പ്രതിഫലിക്കുന്നില്ല.
4. 2014-15-ൽ പഞ്ചായത്ത്ഫണ്ട് ജനറൽ B-I ഷെഡ്യൂൾപ്രകാരമുള്ള നീക്കിയിരിപ്പ് മൂല്യം 4632802/-രൂപയാണ്. എന്നാൽ 2015-16 വർഷം ഷെഡ്യൂൾ പ്രകാരം ഈയിനത്തിലുള്ള മുന്നിരിപ്പായി കാണിച്ചിരിക്കുന്നത് 4908662/-രൂപയാണ്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 2-2-1 വസ്തുനികുതി

എ) വസ്തുനികുതിയിനത്തിൽ വൻതുക ഗ്രാമപഞ്ചായത്തിന് കുടിശ്ശികയുള്ളതായി കാണുന്നു. ഇതിൽ 1995-96 മുതലുള്ള നികുതികൾ കുടിശ്ശികയായിട്ടുണ്ട്. 2013-14 വർഷം വിവിധ വാർഡുകളുടെ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകളിൽ ആകെ നികുതി കൂട്ടി എഴുതിയിട്ടില്ലാത്തതിനാൽ ആകെ എത്ര തുക കുടിശ്ശികയുണ്ടെന്നും അത് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നുണ്ടോയെന്നും ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. ടി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കുവാനുള്ള കുടിശ്ശികയെ സംബന്ധിച്ച വ്യക്തത അരിയർ ഡിമാന്റ് രജിസ്റ്ററിൽ നിന്നോ സഞ്ചയ സോഫ്റ്റ്വെയറിലോ ലഭ്യമല്ല. ആയതിനാൽ വസ്തു നികുതി ഇനത്തിൽ ലഭിക്കുവാനുള്ള കുടിശ്ശികയെ സംബന്ധിച്ച വ്യക്തമായ കണക്കില്ല. മുൻകാല കണക്കുകൾ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി കണക്കുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

ബി) വിവരശേഖരണം നാളിതുവരെ പൂർത്തിയായിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾക്ക് അനുസൃതമായി ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി, പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ നിലവിൽ പൂർത്തിയായിട്ടില്ല. കെട്ടിടങ്ങളുടെ വിവരശേഖരണംപോലും പൂർണ്ണമല്ലെന്നാണ് ഓഡിറ്റിൽ അറിയിച്ചിട്ടുള്ളത്. കെട്ടിടങ്ങളുടെ വിശദാംശങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിൽ ചേർത്ത് വസ്തുനികുതി പരിഷ്ക്കരിക്കുന്ന നടപടികൾ നിലവിൽ പുരോഗമിച്ചുവരുന്നതേയുള്ളു. താരതമ്യേന തനതുവരുമാനം കുറവായ ഗ്രാമപഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ യഥാസമയം ലഭിക്കേണ്ട തുക നഷ്ടമാകുന്ന സ്ഥിതിവിശേഷമാണ് നിലവിൽ സംജാതമായിട്ടുള്ളത്. കെട്ടിടങ്ങളുടെ വിശദാംശങ്ങൾ പൂർണ്ണമായി ശേഖരിക്കുന്നതിനും സഞ്ചയ സോഫ്റ്റ്വെയറിൽ ചേർത്ത് വസ്തുനികുതി പരിഷ്ക്കരിക്കുന്നതിനും ആവശ്യമായ നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്.

## 2-2-2 വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം

പഞ്ചായത്തിലെ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള ആളിന്റെ വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100ച.മീ.കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 40രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.ഗ്രാമ പഞ്ചായത്തിലെ 12.1.2012 ലെ വിജ്ഞാപന പ്രകാരം 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 60രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിടനം | വിസ്തീർണ്ണം (ച..മീ) | നിർണയിച്ച നികുതി | നിർണ്ണയി ക്കേണ്ടിയിരുന്ന നികുതി (റോഡിന്റെ | നഷ്ടം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | |
| | മുസ്തഫ സൈജു, വാത്തിയാത്ത്, പെരുമ്പാവൂർ & നാദിർഷ, കാരോത്തുകുഴി, പെരുമ്പാവൂർ | ഒന്നാമത്തെനില XII 67/C | 89.57 | 3582.8(@40 റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%, ആകെ 4300 | | |
| | | 67/D | 28.64 | 1145.6+229.12 =1375 | | |
| | | 67/E | 28.75 | 1130+226=1356 | | |
| | | 67/I | 9.21 | 368.4+73.68=443 | | |
| | | 67/A1 | 36.44 | 1457+291.52=1750 | | |
| | | 67/A2 | 36.44 | 1457.6+291.52=1750 | | |
| | | 67/J | 11.19 | 447.6+89.52=538 | | |
| | | | ആകെ വിസ്തീർണ്ണം=240.24 | ആകെ നിർണയിച്ച നികുതി=11531.52 | 240.24X60= 14414.4+2882.88 =17297.28 | 5765.76 |
| | | ഒന്നാമത്തെനില 67/F2 | 48.94 | 1957.6+391.52=2350 (വ്യവസായികാവശ്യത്തിനുള്ള പരിമിതി 5% കുറവ്) =2232.5 | | |
| | | 67/F3 | 38.3 | 1532+306.4 =1839-5% =1747 | | |
| | | 67/G1 | 43.57 | 1742.8+348.56 =2091.36-5% =1986.792 | | |
| | | 67/F | 63.97 | 2558.8+511.76 =3071-5%=2917 | | |
| | | 67/G | 97.72 | 3908+781.76= 4691-5%=4456 | | |
| | | 67/H | 53.97 | 2158.8+431.76= 2591-5%=2461.45 | | |
| | | | ആകെ വിസ്തീർണ്ണം =346.07 | നിർണയിച്ച നികുതി =13842.8 | 346.07X60= 20764.2+4152.84= 24917.04-1245.85 =23671.19 | 9828.39 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(എ) വകുപ്പ് പ്രകാരം ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ ടി വകുപ്പ് രണ്ടാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ടി വകുപ്പ് ഏഴാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷികവസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്. എന്നാൽ ഇവിടെ ഈ നിയമപ്രകാരം വെവ്വേറെ ഉപയോഗങ്ങളോ ഘടകങ്ങളോ ഉള്ളതായി കാണുന്നില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതി) ചട്ടങ്ങളിൽ ചട്ടം 3(4) പ്രകാരം ഒരു കെട്ടിടത്തിന്റെതന്നെ വ്യത്യസ്ത ഭാഗങ്ങൾ ഒരാളിന്റെ ഉടമസ്ഥതയിൽ ആണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിടഭാഗങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പർ നൽകിയിട്ടുണ്ടെങ്കിൽ ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കാവുന്നതാണ്. എന്നാൽ തക്കതായ കാരണങ്ങൾ എന്താണെന്ന് പ്രത്യേകം നിർവചിക്കപ്പെട്ടിട്ടില്ല. നിർവചിക്കപ്പെടാത്ത കാരണങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ മേധാവിക്ക് സ്വയം കണ്ടെത്താൻ കഴിയുകയുമില്ല. ഓരോ കടമുറികളും പ്രത്യേകം വാടകയ്ക്ക് നൽകുന്നു എന്നത് ഒരു കാരണമായി കണക്കാക്കാനും കഴിയുകയില്ല.

ഇൗ സാഹചര്യത്തിൽ സൂചിത കെട്ടിടങ്ങളുടെ വസ്തുനികുതി നിയമപ്രകാരമുള്ള നിരക്കിൽ പുനർനിർണ്ണയിച്ച് പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 2-2-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി പരിഷ്ക്കരണം അപാകതകൾ

ജി.ഒ.(എം.എസ്.) 19/11/തസ്വഭവ തീയതി 14.01.11 ന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 11.10.2011 ലെ 4-ാം നമ്പർ തീരുമാനപ്രകാരം മൊബൈൽ ടവറുകളിൽ നിന്നുള്ള വസ്തുനികുതി ചതുരശ്രമീറ്ററിന് 500 രൂപ നിരക്കിൽ പരിഷ്കരിക്കുവാൻ തീരുമാനിക്കുകയും ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ താഴെ പറയുന്ന ടവറുകളുടെ നികുതി പരിഷ്കരിച്ചിട്ടുമുണ്ട്. ആകെയുള്ള അഞ്ച് ടവറുകളിൽ രണ്ടെണ്ണത്തിനുമാത്രമെ പെർമിറ്റ് നൽകിയിട്ടുള്ളു

| ക്രമനം | കെട്ടിട നമ്പർ (പുതിയത്) | കെട്ടിട നമ്പർ (പഴയത്) | ടവർ കമ്പനിയുടെ പേര്/ വസ്തു ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം (ഫോറം 6 പ്രകാരം ച.മീറ്ററിൽ) | പുതുക്കിയ നികുതി |
|---|---|---|---|---|---|
| 1 | 13/ A | 237/A | കെ.പി.രാജൻ കൊച്ചുകോട്ടപ്പുറത്ത് | 10 | 5000+ 250 |
| 2 | 356 | 113/C | റിലയൻസ് കമ്മ്യൂണിക്കേഷൻസ്, കൊച്ചി | 2.1 | 1050+53 |
| 3 | 78 | 32/B | ഭാരതി ടെലിവെൻചേസ് ലിമിറ്റഡ് | 2.1 | 1050+53 |
| 4 | 77 | 33/A | ടവർവിഷൻ ഇൻഡ്യ പ്രൈ.ലിമിറ്റഡ്, കൊച്ചി | 2.3 | 1265+64 |
| 5 | 97 | 19/B | രാധാകൃഷ്ണൻ, ഗൗരിസദനം | 2.1 | 1050+53 |

അനുബന്ധ മുറികളുടെ വിസ്തീർണ്ണം എന്നിവ പരിഗണിച്ചിരുന്നോ എന്നുള്ള വിവരങ്ങൾ, ടവർ കമ്പനിയുടെ പേര് ചേർക്കാത്ത മൊബൈൽ ടവറുകളിൽ ഡിമാന്റ് നോട്ടീസ് നൽകിയത് വസ്തു ഉടമസ്ഥന്റെ പേരിലായിരുന്നോ എന്ന വിവരവും ടി വ്യക്തികൾ/ ടവർ കമ്പനിയുടെ ഉടമസ്ഥർ പുതുക്കിയ നികുതി കുടിശ്ശിക സഹിതം ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങളും ലഭ്യമാക്കുന്നതിനായി നൽകിയ എട്ടാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽപരിഷ്കരണം പുനപരിശോധിക്കേണ്ടതും ടവറിന്റേയും അനുബന്ധമായുള്ള മുഴുവൻ കെട്ടിടങ്ങളുടേയും വിസ്തീർണ്ണം നികുതി നിർണ്ണയിക്കുന്നതിനായി പരിഗണിച്ചിരുന്നോ എന്ന് ഉറപ്പാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ടെലിഫോൺ ടവറുകളുടെ വസ്തു നികുതി, കുടിശ്ശിക എന്നിവ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി സഞ്ചയ സോഫ്റ്റ് വെയറിലേക്ക് ഡേറ്റാ എൻട്രി നടത്തിയപ്പോഴും ടവറുകളുടെ വിവരങ്ങൾ ചേർത്തിരുന്നില്ല. ബി.എസ്.എൻ.എൽ ടവറിന്റെ വിവരം സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിരുന്നില്ല.നികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് വലിയ നഷ്ടം സംഭവിച്ചുവെന്ന് ഇതിൽനിന്ന് വ്യക്തമാണ്. മൊബൈൽ ടവറുകളുടെ പരിഷ്കരിച്ച വസ്തുനികുതി നാളിതുവരെ ഈടാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ ടെലഫോൺ ടവറുകളുടെയും വിവരശേഖരണം നടത്തി നിയമവിധേയമായി നികുതി നിർണയം നടത്തി കുടിശ്ശിക ഉൾപ്പടെയുള്ള നികുതി പിരിച്ചെടുക്കേണ്ടതാണ്. അതോടൊപ്പം ടവറുകളുടെ സമഗ്രമായ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കേണ്ടതും ഡിമാന്റ് സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. ഇക്കാര്യങ്ങളിലേക്ക് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2-4 വസ്തുനികുതി--കുടിശിക തുക ഇൗടാക്കാൻ നടപടികൾ സ്വീകരിക്കാത്തത് സംബന്ധിച്ച്

വെച്ചൂർ ഗ്രാമപഞ്ചായത്തിൽ ശ്രീ.പി.കെ രാജീവ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കുമരകം അക്വാസെറിൽ എന്ന റിസോർട്ടിന്റെ വസ്തുനികുതി 2013-14 സാമ്പത്തിക വർഷം മുതൽ പരിഷ്കരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | കെട്ടിട നം. | വിസ്തീർണ്ണം | അടിസ്ഥാന വസ്തുനികുതി | ലൈബ്രറി സെസ് | ആകെ തുക |
|---|---|---|---|---|---|
| 1 | 248/J | 120 | 12150 | 608 | 12758 |
| 2 | 284/I | 105 | 10632 | 532 | 11164 |
| 3 | 284/H | 436 | 66528 | 3327 | 69855 |
| 4 | 284/D | 200 | 39600 | 1980 | 41580 |
| 5 | 284/K | 202 | 19998 | 1000 | 20998 |
| 6 | 284/C | 210 | 20790 | 1040 | 21830 |
| 7 | 284/G | 482 | 113238 | 5662 | 118900 |
| 8 | 284/A | 40 | 1600 | 80 | 1680 |
| | ആകെ തുക | | | | 298765 |

മേൽ സൂചിത കെട്ടിടങ്ങളിൽ റിസോർട്ടുകളായി പ്രവർത്തിക്കുന്നവയ്ക്ക് ചതുരശ്രമീറ്ററിന് 90/- രൂപ നിരക്കിലും വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 40/60 രൂപ നിരക്കിലുമാണ് അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത്. മൂന്ന് സാമ്പത്തിക വർഷങ്ങളിലും (2013-14, 14-15, 15-16) ഏകദേശം 9 ലക്ഷത്തോളം രൂപ കുടിശിക ഇനത്തിൽ അടവാക്കേണ്ടതുണ്ട്. തനത് വരുമാനം താരതമ്യേന കുറവായ പഞ്ചായത്തിൽ റിസോർട്ടുകളുടെ വസ്തുനികുതി കുടിശിക സഹിതം പിരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഇതിലേയ്ക്ക് ക്ഷണിക്കുന്നു.

## 2-3-1 ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപനതൊഴിൽനികുതി - ഈടാക്കിയിട്ടില്ല.

2015-16 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽ നികുതിയും, ജീവനക്കാരുടെ തൊഴിൽനികുതിയും ഡിമാന്റ് ചെയ്ത് ഒടുക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം5) ലഭിച്ച മറുപടിയിൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് ആർ.ആർ നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.6) ലഭിച്ച മറുപടിയിൽ ടി സ്ഥാപനങ്ങളിൽ സ്ഥാപനഉടമയല്ലാതെ മറ്റ് ജീവനക്കാരില്ലെന്നും സ്ഥാപനതൊഴിൽ നികുതി ഒടുക്കുന്നതിന് ആർ ആർ നോട്ടീസ് നൽകിയിട്ടുണ്ടന്ന് അറിയിച്ചിട്ടുണ്ട്. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇതുസംബന്ധിച്ച് പരാമർശിച്ചിട്ടും നടപടികൾ സ്വീകരിച്ചിട്ടില്ല. അതിനാൽ ടി സ്ഥാപനങ്ങളിൽ നിന്നും കുടിശിക തുകയും പിഴപലിശ ഉൾപ്പെടെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

**സ്ഥാപനതൊഴിൽ നികുതി**

| ക്രമനം. | സ്ഥാപനം | ഒടുക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1. | ക്ഷീരോദ്പ്പാദനസഹകരണസംഘം, അംബികാമാർക്കറ്റ് | ഒന്നും രണ്ടും അർദ്ധവർഷം. |
| 2. | വെച്ചൂർകയർവ്യവസായ സഹകരണസംഘം | ഒന്നും രണ്ടും അർദ്ധവർഷം. |
| 3. | രുഗ്മിണി കല്യാണമണ്ഡപം | ഒന്നും രണ്ടും അർദ്ധവർഷം. |
| 4 | റ്റി.എസ്സ് നം പട്ടത്താനം | ഒന്നും രണ്ടും അർദ്ധവർഷം. |
| 5 | റ്റി.എസ്സ് നം. 13 ഇടയാഴം. | ഒന്നും രണ്ടും അർദ്ധവർഷം. |
| 6 | റ്റി.എസ്സ് നം.9 കൈപ്പുഴമുട്ട്. | ഒന്നും രണ്ടും അർദ്ധവർഷം |
| 7 | റ്റി.എസ്സ് നം.8 അച്ചിനകം. | ഒന്നും രണ്ടും അർദ്ധവർഷം |

ജീവനക്കാരുടെ തൊഴിൽനികുതി

| ക്രമനം. | സ്ഥാപനം | ഒടുക്കേണ്ട അർദ്ധവർഷം |
|---|---|---|
| | ക്ഷീരോദ്പ്പാദനസഹകരണസംഘം, ഇടയാഴംK(52D)APCOS | ഒന്നാംഅർദ്ധവർഷം |
| | ക്ഷീരോദ്പ്പാദനസഹകരണസംഘം, കുടവെച്ചൂർK(128D)APCOS | ഒന്നും രണ്ടും അർദ്ധവർഷം |
| | ക്ഷീരോദ്പ്പാദനസഹകരണസംഘം, അംബികാമാർക്കറ്റ് | ഒന്നും രണ്ടും അർദ്ധവർഷം |
| | വൈക്കം ഫിനാൻസ്, കുടവെച്ചൂർ | ഒന്നും രണ്ടും അർദ്ധവർഷം |
| | സോപാനം, കുടവെച്ചൂർ | ഒന്നും രണ്ടും അർദ്ധവർഷം |
| | ക്രൃഷ്ണപ്രീയ, ചേരകുളങ്ങര | ഒന്നും രണ്ടും അർദ്ധവർഷം |
| | ഗോകുലം ഫിനാൻസ്, കുടവെച്ചൂർ | ഒന്നും രണ്ടും അർദ്ധവർഷം |
| | വെച്ചൂർ കയർവ്യവസായ സഹകരണസംഘം | ഒന്നും രണ്ടും അർദ്ധവർഷം |
| | കൊശമറ്റം ഫിനാൻസ്, ഇടയാഴം | രണ്ടാംഅർദ്ധവർഷം |

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പത്രപരസ്യം നൽകൽ -സർക്കാർ നിർദ്ദേശം പാലിയ്ക്കാത്തത്

# -വിശദീകരണം ലഭ്യമാക്കുന്നത് സംബന്ധിച്ച്

പൊതുഭരണ (ഇൻഫോർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് -ഡി)വകുപ്പ് (അച്ചടിച്ചത്) 01/04 ഐ ആന്റ് പി ആർ, 01-01-04 ലെ ഉത്തരവ്, 21-06-04 ലെ 7441/ഡി-1/04 ഐ ആന്റ് പി ആർ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ വിൻഡോ രൂപത്തിൽ, 2കോളം 3cm (8 x 3 = 24sqcm) വലുപ്പത്തിൽ മാത്രമായിരിക്കണം. പരസ്യത്തിന്റെ പൂർണ്ണരൂപം ലഭ്യമാകുന്നതിന് സർക്കാർ വെബ്സൈറ്റ് പരിശോധിയ്ക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ പത്രപരസ്യങ്ങൾ വലിപ്പം കൂട്ടി നൽകിയതുമൂലം അധികചെലവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പത്രത്തിന്റെ പേര്, തീയതി | നിരക്ക് | ചെലവായ തുക/ വൗച്ചർ നം. | യഥാർത്ഥത്തിൽ ചെലവാകേണ്ടത് | അധികം നൽകിയ തുക |
|---|---|---|---|---|
| ദേശാഭിമാനി | | | | |
| 26.09.15 | 7x8=56 ച. സെ.മീ.@130 | 7280 vr no 21500496/dt.26.10.15 | 24 ച.സെ.മീ. @130=3120 | 4160 |
| 13.08.15 | 8x8=64 ച. സെ.മീ.@130 | Total 14560 vr no 21500427/dt.23.09.15 | 24 ച.സെ.മീ. @130=3120 | 8320 |
| 8.8.15 | 8x6=48ച. സെ.മീ.@130 | | 24 ച.സെ.മീ. @130=3120 | |
| 9.07.15 | 7x8=56 ച. സെ.മീ.@130 | 7280 vr no 21500320/dt.12.08.15 | 24 ച.സെ.മീ. @130=3120 | 4160 |
| 11.12.15 | 8x5=40ച. സെ.മീ.@130 | 5200 vr no 21500773/dt.22.01.16 | 24 ച.സെ.മീ. @130=3120 | 2080 |

ഭാവിയിൽ പത്രപരസ്യം നൽകുമ്പോൾ സർക്കാർ നിർദ്ദേശം കർശനമായി പാലിയ്ക്കേണ്ടതാണ്.

## 3-2 കായൽ പുറമ്പോക്ക് കൈയ്യേറ്റം നീക്കം ചെയ്യുന്നത് -തുടർനടപടി സംബന്ധിച്ച്

വെച്ചൂർ ഗ്രാമപഞ്ചായത്തിലെ 530/1 -ൽപ്പെട്ട കായൽ പുറമ്പോക്ക് കുടവെച്ചൂർ സെന്റ് ജോസഫ് ഹോസ്പിറ്റൽ മാനേജിംഗ് ട്രസ്റ്റി കൈയ്യേറി കോൺക്രീറ്റ് മതിൽ നിർമ്മിച്ചതിനെതിരെ ശ്രീ.പി.എസ് സജിമോൻ, പുത്തൻപറമ്പിൽ, കുടവെച്ചൂർ എന്ന വ്യക്തി OP-325/1നമ്പർകേസ് പ്രകാരം തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാനെ സമീപിച്ചിരുന്നു. റവന്യൂ രേഖകൾ പ്രകാരം പ്രസ്തുത സ്ഥലം പഞ്ചായത്തിന്റേതാണെന്ന് വ്യക്തമാണ്. ആയതിനാൽ സെന്റ് ജോസഫ് ഹോസ്പിറ്റൽ മാനേജിംഗ് ട്രസ്റ്റി സ്വയം കൈയ്യേറ്റം ഒഴിയുന്നതിനും അല്ലാത്തപക്ഷം പഞ്ചായത്ത് അധികാരികൾ ഇടപെട്ട് ഒഴിപ്പിയ്ക്കുന്നതിനും 17.10.13-ൽ നോട്ടീസ് നൽകിയിരുന്നു. എന്നാൽ നാളിതുവരെ ഒഴിപ്പിക്കൽ നടത്തിയിട്ടില്ല എന്നു കാണുന്നു. നിലവിൽ ഇതു സംബന്ധിച്ച കേസ് ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്. കോടതിവിധിക്കനുസൃതമായി തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 മീഡിയാശ്രീ പദ്ധതി-നാളിതുവരെ വീഡിയോ ഡോക്കുമെന്ററി ലഭിച്ചിട്ടില്ല.

പ്രോജക്ട് നം. -so15/15-16

അടങ്കൽ -65000/-(വികസനഫണ്ട് 50000/- +തനതുഫണ്ട് 15000/-)

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 5-2-14 ലെ ഉത്തരവ് (സാധാ.)നം.3206 /14/ അനുസരിച്ച് കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ നിലവിലുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്കുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ആവശ്യത്തിലേക്കായി 65000/-രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുംപ്രകാരം 65000/-രൂപ കുടുംബശ്രീ കോട്ടയം ജില്ലാമിഷൻ കോ-ഓർഡിനേറ്റർക്ക് കൈമാറിയിട്ടുണ്ട്.

വികസനഫണ്ട് 50000/- ഡി.ഡി.നം. -740675, തീയതി 21-12-2015

തനതുഫണ്ട് 15000/- ഡി.ഡി.നം.-740680, തീയതി 21-12-15

മേൽപ്പറഞ്ഞപ്രകാരം വീഡിയോ ഡോക്കുമെന്ററിക്കായി പണം ചെലവഴിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ഡോക്കുമെന്റേഷൻ പ്രസിദ്ധപ്പെടുത്തുകയോ പഞ്ചായത്തിന് ഇതുമായി ബന്ധപ്പെട്ട സി.ഡി. ലഭിക്കുകയോ ചെയ്തിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് വീഡിയോ ഡോക്യൂമെന്ററി

ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 65,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുമായി ബന്ധപ്പെട്ട് ഡോക്കുമെന്ററി ചിത്രം പ്രസിദ്ധപ്പെടുത്തുന്നതിനും സി.ഡി.ലഭിക്കുന്നതിനുമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികൾ--അപാകതകൾ

I) കൃഷി ഓഫീസർ

1) രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷം നടപ്പാക്കിയ പ്രോജക്ട് നം.എസ്.ഒ.41/16 -നെൽകൃഷി വികസനം, എസ്.ഒ.43/16-ജൈവപച്ചക്കറി ഗ്രാമം എന്നീ പദ്ധതികൾ പ്രകാരം നെൽവിത്ത്, പച്ചക്കറി വിത്തുകൾ/തൈകൾ എന്നിവ കർഷകർക്ക്/പാടശേഖര സമിതിയ്ക്ക്/കർഷക ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്നതിനായി കൃഷി ഓഫീസിൽ ലഭിച്ചിരുന്നു. എന്നാൽ ഇത് കൃത്യമായി സ്റ്റോക്കിലെടുത്ത്, വിതരണ വിവരങ്ങൾ ചേർത്ത്, കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ പലയിടത്തും വെട്ടിത്തിരുത്തലുകൾ വരുത്തിയിട്ടുള്ളതായും, സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃഷി ഓഫീസർ ഒപ്പിട്ട് ആധികാരികമാക്കിയിട്ടില്ലായെന്നും കാണുന്നു. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) വെറ്ററിനറി സർജൻ

പ്രോജക്ട് നം.എസ്.ഒ.114/2016—മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ--നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ പ്രോജക്ടിനായി ബിൽ നം.05/2015-16/21.03.16 പ്രകാരം 50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 12-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)362/13/തസ്വഭവ/16.11.2013 ഖ.2-9 പ്രകാരം മരുന്ന് വാങ്ങൽ പദ്ധതിയ്ക്കായി ജില്ലാ മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ നൽകുന്ന നോൺ അവൈബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആയത് ലഭ്യമാക്കാത്തതിനാൽ 50,000/- രൂപയും ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3) ഡയറി എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് നം.എസ്.028/16 –ഗോദാൻ പദ്ധതി

ഗുണഭോക്താക്കളുടെ പേരിൽ തന്നെ സബ്സിഡി തുക നൽകി--1,80,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

12-ാം പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം ഉരുക്കളെ ആരുടെ പേരിൽ നിന്നാണോ വാങ്ങുന്നത് അവരുടെ പേരിൽ സബ്സിഡി തുക ഡിമാന്റ് ഡ്രാഫ്റ്റായി നൽകണമെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ ബിൽ നം.4/15-16 പ്രകാരം 12 ഗുണഭോക്താക്കൾക്കായി സബ്സിഡി ഇനത്തിൽ 1,80,000/- രൂപ മാറി നൽകിയത് പദ്ധതിയുടെ ഗുണഭോക്താക്കളുടെ പേരിൽ തന്നെയാണെന്ന് കാണുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും രേഖാമൂലം മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ബിൽ നം.4/15-16 പ്രകാരം 22.03.16 ൽ മാറിയ 1,80,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5(എ) ആശ്രയപദ്ധതി നടത്തിപ്പ് സംബന്ധിച്ച്

ആശ്രയ ഒന്നാം ഘട്ട പദ്ധതി ഗുണഭോക്താക്കൾക്കുള്ള തുടർ സേവന പ്രോജക്ട്, രണ്ടാം ഘട്ട പ്രോജക്ട് എന്നിവ ഗ്രാമപഞ്ചായത്തിൽ നിലവിൽ നടപ്പാക്കിവരുന്നു. 1, 2 ഘട്ടത്തിൽ വീട് നിർമ്മിക്കുന്നതിന് സ്ഥലം ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് സ്ഥലം ലഭ്യമാക്കുവാൻ നാളിതുവരെ സാധിച്ചിട്ടില്ല. കൂടാതെ കുടിവെള്ളം, വൈദ്യുതി എന്നീ ആവശ്യങ്ങളും പൂർണ്ണമായി പരിഹരിക്കുവാൻ സാധിച്ചിട്ടില്ലായെന്ന് ലഭ്യമാക്കിയ കണക്കുകളിൽ നിന്നും വ്യക്തമാകുന്നു. മറ്റ് വിഭാഗങ്ങളേക്കാൾ ഏറ്റവും മുൻഗണന ആവശ്യമുള്ള ആശ്രയ ഗുണഭോക്താക്കൾക്ക് ആവശ്യമായ സേവനങ്ങൾ സമയബന്ധിതമായും അടിയന്തിരമായും നടപ്പാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ആശ്രയ പദ്ധതി ഗുണഭോക്താക്കൾക്ക് ആവശ്യമായ സേവനങ്ങളുടെ വിവരം, അവ പൂർത്തിയാക്കിയതിന്റെ നിലവിലെ സ്ഥിതി എന്നിവ ചുവടെ കൊടുക്കുന്നു.

| ഇനം | 1st പ്രോജക്ട് | 2nd പ്രോജക്ട് |
|---|---|---|

| | | |
|---|---|---|
| പ്രോജക്ട് പ്രകാരം ആകെ ഗുണഭോക്താക്കൾ | 50 | 104 |
| പ്രോജക്ട് പ്രകാരം വീട് വയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 1 | 2 |
| നാളിതുവരെ ലഭിച്ചവർ | ഇല്ല | ഇല്ല |
| പ്രോജക്ട് പ്രകാരം വീട് ആവശ്യമുള്ളവർ | 20 | 21 |
| നാളിതുവരെ ലഭിച്ചവർ | 20 | ഇല്ല |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 23 | 34 |
| നാളിതുവരെ ലഭിച്ചവർ | 27 | 1 |
| കക്കൂസ് ആവശ്യമുള്ളവർ | 34 | 84 |
| നാളിതുവരെ ലഭിച്ചവർ | 32 | ഇല്ല |
| കുടിവെള്ളം ആവശ്യമുള്ളവർ | 30 | 50 |
| നാളിതുവരെ ലഭിച്ചവർ | 2 | ഇല്ല |
| കറന്റ് ആവശ്യമുള്ളവർ | 6 | ഇല്ല |
| നാളിതുവരെ ലഭിച്ചവർ | ഇല്ല | - |

## 3-5(ബി) ഇ.എം.എസ്.ഭവന നിർമ്മാണ പദ്ധതി

ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയിൽ ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്ന 12 ഗുണഭോക്താക്കളിൽ ഒരാൾ 2015-16 വർഷം ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ള 11 പേരിൽ 3 പേർ ഒരു ഗഡു മാത്രം കൈപ്പറ്റിയവരും, 8 പേർ 2 ഗഡുക്കൾ മാത്രം കൈപ്പറ്റുകയും ചെയ്തിട്ടുള്ളവരാണ്. ഈ 11 ഗുണഭോക്താക്കൾക്കായി നാളിതുവരെ 5,12,500/- രൂപ നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയിട്ടും നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളെക്കൊണ്ട് ആയത് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 തൊഴിലാളി ക്ഷേമനിധി വിഹിതം- വരവുചെലവു കണക്കുകളുടെ കൃത്യമായ വിവരങ്ങളില്ല.

പഞ്ചായത്തിന്റെ വാർഷികകണക്കുപ്രകാരം 2015-16-ൽ തൊഴിലാളി ക്ഷേമനിധിവിഹിതമിനത്തിലുള്ള വരവും ചെലവും 4739/-രൂപ മാത്രമാണ്.അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം തൻവർഷം നടപ്പാക്കിയ മരാമത്ത് വേലകളുടെ ബില്ലിൽനിന്നും ഈയിനത്തിൽ കിഴിവു ചെയ്തിരുന്ന തുക 117396/-രൂപയും മുൻവർഷത്തെ 17333/-രൂപയുൾപ്പെടെ 31.3.16 -ൽ ക്ഷേമനിധിബോർഡിലേക്ക് അടവാക്കാനവശേഷിച്ചിരുന്ന ആകെതുക 134729/-രൂപയുമാണ്. ഇതിൽ 133472/-രൂപയ്ക്കുള്ള ഡി.ഡി.കളുടെ ലിസ്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ക്ഷേമനിധിബോർഡ് സെക്രട്ടറിയുടെ പേരിലെടുത്ത് അടവാക്കിയ ആകെ 24230/- രൂപയ്ക്കുള്ള ഡി.ഡി.കളുടെ പകർപ്പ് (3ഡി.ഡികൾ) മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമായത്. മാത്രമല്ല അടവാക്കിയ തുകയ്ക്ക് ബോർഡിൽനിന്നുള്ള കൈപ്പറ്റ് രസീത് ലഭ്യമായിട്ടുമില്ല. ആയതിനാൽ അടവാക്കിയ തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

വാർഷികപദ്ധതിനിർവ്വഹണത്തിന്റെ ഭാഗമായി ക്ഷേമനിധിനിഹിതമിനത്തിൽ ഈടാക്കി അടവാക്കുന്ന തുകയുടെ കൃത്യമായ വരവുചെലവു കണക്കുകൾ നിർവ്വഹണോദ്യോഗസ്ഥർ സൂക്ഷിക്കേണ്ടതും ആയത് പഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ക്ഷേമനിധിബോർഡിൽനിന്നുള്ള കൈപ്പറ്റ് രസീത് ലഭ്യമാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 3-7 ഗുണഭോക്തൃസമിതി നടപ്പാക്കിയ വേലകൾ- വാറ്റ് അധികനിരക്കിൽ ഒടുക്കുവരുത്തി

നിർവഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ

കേരള വാറ്റ് നിയമം 2003 (2014ലെ ഭേദഗതി ഉൾപ്പെടെ) സെക്ഷൻ10 (2എ)1 പ്രകാരം പഞ്ചായത്ത് അവാർഡറായ വർക്കുകൾക്ക് സ്രോതസ്സിൽ പിടിച്ച് ഒടുക്കേണ്ട വാറ്റ് നികുതി 4 ശതമാനം നിരക്കിലാണ്. എന്നാൽ ഇതിനു വിരുദ്ധമായി 5 ശതമാനം നിരക്കിൽ നികുതി അടവു വരുത്തിയതുമൂലം പഞ്ചായത്തുഫണ്ടിൽ നിന്നും താഴെപ്പറയും വിധം അധികം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് | ആകെചെലവ് | ബിൽനം | വേലമൂല്യം | അടയ്ക്കേണ്ടനികുതി | അടച്ചത് | അധികം അടച്ചത് |
|---|---|---|---|---|---|---|
| 139-ാംനമ്പർ അംഗൻവാടി കെട്ടിടനിർമ്മാണം 150/15-16 | 152815 | 58/15-16 | 144165 | 5767 | 7208 | 1441 |
| S0134/16 | 195038/- | 12/15-16 | 183998 | 7360 | 9200/- | 2040 |

| | | | | | | |
|---|---|---|---|---|---|---|
| രാജീവ്ഗാന്ധികോളനി സൈഡ്പ്രൊട്ടക്ഷൻവാൾ | | | | | | |
| 169/15-16 പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം | 951218/- | 5/15-16 | 897375/- | 35895 | 44869 | 8974 |
| S0141/16 താനാട്ടുതറ-വാച്ചാൽറോഡ്ഫില്ലിംഗ് | 203683 | 23/15-16 | 192153 | 7686 | 9608 | 1922 |
| S049/16 കൈപ്പുഴമുട്ട് മഞ്ചാടിക്കരി റോഡ്ഫില്ലിംഗ് | 150000/- | 49/15-16 | 141665 | 5667 | 7083 | 1416 |
| 46/16 ഇല്ലത്തുപാടം പോത്തടിറോഡ്ഫില്ലിംഗ് | 150000 | 46/15-16 | 144156 | 5766 | 8650 | 2884 |
| S0142/16 നെല്ലിക്കുന്നത്ത്-കിഴക്കേമുറി റോഡ്ഫില്ലിംഗ് | 96885 | 62/15-16 | 91401/- | 3656 | 4570 | 914 |
| S0149/16-വെച്ചൂർപള്ളി-റാണിമുക്ക് ഔട്ട്പോസ്റ്റ് റോഡ്ഫില്ലിംഗ് | 99950 | 30/15-16 | 94292 | 3772 | 5658 | 1886 |
| s0144/16 പുത്തൻപുരയ്ക്കൽ കായൽത്തീരം റോഡ് ഫില്ലിംഗ് | 97437 | 13/15-16 | 91922 | 3677 | 4596 | 919 |
| S090/15 അംബികാ മാർക്കറ്റ് കരിയിൽ റോഡ് മെറ്റലിംഗ് | 264536 | | 95361 | 3814 | 4768 | 954 |

മേൽപ്പറഞ്ഞപ്രകാരം അധികനിരക്കിൽ വാറ്റ് വിഹിതം അടവാക്കിയത് സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥനുള്ള വിശദീകരണം രേഖാമൂലം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് (എൻക്വയറി നം.19)2014-ലെ എൻജിനിയേഴ്സ്ഡയറിയിൽ ചേർത്തിരിക്കുന്ന വിൽപ്പനനികുതി വകുപ്പിന്റെ സർക്കുലറിൽ (സർക്കുലർനം.5/12) ഗുണഭോക്തൃസമിതിചെയ്യുന്ന വേലകൾക്ക് 5% നിരക്കിൽ വാറ്റ് ഈടാക്കണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നതെന്ന നിർവ്വഹണോദ്യോഗസ്ഥന്റെ വിശദീകരണം വാറ്റ് നിയമത്തിലെ സെക്ഷൻ 10ലെ വിവരണവുമായി പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ഇത് സംബന്ധിച്ച് സർക്കാരിൽ നിന്നും വ്യക്തത വരുത്തുകയും അധികം ഒടുക്കിയ തുക ലഭ്യമാക്കാനുള്ള പക്ഷം ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-8 അങ്കൻവാടികെട്ടിടനിർമ്മാണം- ഫൗണ്ടേഷനു മാത്രമായിഎസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കി.

പ്രോജക്ട് നം. -150/15-16

അടങ്കൽ തുക -200000/- (152815/-)

2015-16 വാർഷികപദ്ധതിയിൽപ്പെടുത്തി സ്വന്തമായി കെട്ടിടമില്ലാത്ത -139-ാം നമ്പർ അങ്കനവാടിക്ക് കെട്ടിടം പണിയുന്നതിനായി ധനകാര്യക്കമ്മീഷൻഗ്രാന്റ് 66086/-രൂപ ലോകബാങ്ക് ധനസഹായം 69147/-രൂപ,തനതുഫണ്ട് 64767/- രൂപ എന്നീ പ്രകാരം വകയിരുത്തി ഫൗണ്ടേഷന്ന മാത്രമുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഏകവർഷ പ്രോജക്ട് തയ്യാറാക്കുകയും എസ്റ്റിമേറ്റനുസരിച്ചുള്ള പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. ഇപ്രകാരം കെട്ടിടത്തിന്റെ ഫൗണ്ടേഷന്ന മാത്രമായി എസ്റ്റിമേറ്റ് തയ്യാറാക്കിയത് പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായ നടപടിയാണ്. 2016-17 വർഷം ഈ കെട്ടിടം പൂർത്തീകരിക്കുന്നതിനായി ഫണ്ട് വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ചിട്ടുമില്ല. ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് ഫൗണ്ടേഷന്ന് മാത്രമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നായിരുന്നു നിർവ്വഹണോദ്യോഗസ്ഥയായ അസിസ്റ്റന്റ് എൻജിനീയറുടെ വിശദീകരണം. ഫണ്ടിന്റെ അപര്യാപ്തതയാലോ സാങ്കേതികകാരണങ്ങളാലോ ഒരു നിർമ്മാണ പ്രവൃത്തി ഒന്നിലധികം വർഷംകൊണ്ട് മാത്രമേ നിർവ്വഹണം പൂർത്തീകരിക്കാൻ കഴിയുകയുള്ളൂവെങ്കിൽ ബഹുവർഷ പ്രോജക്ടായി തയ്യാറാക്കേണ്ടതാണെന്ന് പദ്ധതിമാർഗ്ഗരേഖയിൽ പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. മാത്രമല്ല ഒരു ബഹുവർഷ പ്രോജക്ടിനൊടൊപ്പം വിവിധ വർഷങ്ങളിലായി ചെയ്യാനുദ്ദേശിക്കുന്ന മൊത്തം പ്രവൃത്തിയുടെ എസ്റ്റിമേറ്റിനുള്ള സാങ്കേതികാനുമതി ആദ്യവർഷം തന്നെ വാങ്ങേണ്ടതാണെന്നും ഒറ്റ ടെൻഡറിൽ മാത്രം ചെയ്യാൻ കഴിയുന്ന പ്രവൃത്തികൾ വിവിധ വർഷങ്ങളിലേക്കായി വിഭജിക്കുവാൻ പാടില്ലായെന്നും നിഷ്കർഷിക്കുന്നു.

മരാമത്ത് വേലകളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 3-9 നിക്ഷേപപ്രവൃത്തികൾ നിർവ്വഹണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. നിക്ഷേപപ്രവൃത്തികൾ -പൂർത്തീകരണ വിവരങ്ങൾ ലഭ്യമായിട്ടില്ല.

വാർഷികപദ്ധതിയുടെ ഭാഗമായി വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, വൈദ്യുതലൈൻ ദീർഘിപ്പിക്കൽ തുടങ്ങിയ പ്രവൃത്തികൾക്കായി ലഭ്യമാക്കിയ എസ്റ്റിമേറ്റനുസരിച്ചുള്ള തുക നിർവ്വഹണ ഏജൻസികൾക്ക് കൈമാറി നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള തുടർനടപടികളൊന്നും പിന്നീട് പഞ്ചായത്ത് സ്വീകരിക്കുന്നില്ല. ആയതിനാൽത്തന്നെ പ്രസ്തുത പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോയെന്നും പ്രവർത്തികളുടെ നിർവ്വഹണപുരോഗതി സംബന്ധിച്ചുമുള്ള വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. 2015-16 വർഷം വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി നിർവ്വഹണഏജൻസികൾക്ക് കൈമാറിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | കൈമാറിയ തുക | ഡി.ഡി.നമ്പർ | നിർവ്വഹണ ഏജൻസി |
|---|---|---|---|
| So163/15-16 4,5 വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 350000/- | 333096/5-3-16 | വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ കടുത്തുരുത്തി |
| So164/15-16 വാർഡ് 9-ലെ വിവിധറോഡുകളിൽ സ്ടീറ്റ് ലൈൻ എക്സറ്റൻഷൻ | 259988/- | 742868/29-2-16 | അസിസ്റ്റന്റ് എൻജിനീയർ.ഇലക്ട്രിക്കൽ ഡിവിഷൻ, തലയാഴം |
| So140/15-16 10-ാംവാർഡിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 21500/- | 785567/23-7-15 | വാട്ടർ അതോറിറ്റി പി.എച്ച്.ഡിവിഷൻ കടുത്തുരുത്തി |

ചെലവ് തുകകളുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തി പൂർത്തീകരണ വിവരങ്ങളും ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ ആകെ തുകയായ 6,31,488/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ പ്രവൃത്തികൾ നാളിതുവരെ ആരംഭിച്ചിട്ടില്ലാത്ത പക്ഷം നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും ചെലവു തുകയുടെ വിനിയോഗ വിശദാംശങ്ങൾ ലഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 മെറ്റലിംഗിനു മാത്രമായുള്ള റോഡ് പ്രവൃത്തികൾ അധികച്ചെലവിനിടയാക്കുന്നു

ഗ്രാമപഞ്ചായത്തിൽ തൻവർഷം ആവിഷ്കരിച്ച 55 റോഡ് പ്രവൃത്തികളിൽ 27 എണ്ണം മണ്ണ്ഫില്ലിംഗിന് മാത്രമുള്ളതും 8 എണ്ണം മെറ്റലിംഗിനവേണ്ടി മാത്രമുള്ളതും ആയിരുന്നു. ഫില്ലിംഗ് മാത്രം നടത്തി അവസാനിപ്പിക്കുന്നതിനാൽ കാലവർഷത്തിൽ മണ്ണൊലിച്ചുപോകുകയും അടുത്തവർഷം ഫണ്ടിന്റെ അപര്യാപ്ത മൂലം എല്ലാ വാർഡുകളിലേക്കുമായി വീതിക്കുന്നതിനാൽ ഇതേ പ്രവൃത്തിയ്ക്കായിത്തന്നെ വീണ്ടും പ്രോജക്ട് തയ്യാറാക്കേണ്ടി വരുന്നു.ഇതുപോലെതന്നെ ടാറിംഗ് പ്രവൃത്തികൾ നടത്താതെ മെറ്റലിംഗ് പൂർത്തീകരിച്ച് പ്രവൃത്തി അവസാനിപ്പിക്കുകയും വാഹനങ്ങൾ പോകുമ്പോൾ മെറ്റലുകൾ ഇളകുകയും ശക്തമായ മഴയിൽ മണ്ണ് ഒലിച്ചുപോകുകയും ചെയ്യുന്നത് മൂലം റോഡ് ഗതാഗതയോഗ്യമല്ലാതാകുന്നു. WBM സർഫസ് കോഴ്സായി കണക്കാക്കി പ്രവൃത്തി ചെയ്യുന്ന സാഹചര്യത്തിൽ സബ് ബേസ് മെറ്റലിംഗിന് ആവശ്യമായ ബൈന്റിംഗ് മെറ്റീരിയൽ കൂടുതൽ അളവിൽ ആവശ്യമായും വരുന്നതുകൊണ്ടും ടാറിംഗ് നടത്തുമ്പോൾ വീണ്ടും സബ് ബേസ് മെറ്റലിംഗ് ചെയ്യേണ്ടി വരുന്നതിനാലും അധികച്ചെലവിനിടയാക്കുന്നു. ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം മെറ്റലിംഗ് പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| S036/15-16കല്ലുപുരയ്ക്കൽ-വാലുചിറ റോഡ് മെറ്റലിംഗ് | 150000/- | 145867 |
| S058/15-16ശാസ്തക്കുളം ട്രാൻസ്ഫോർമർ-ഭഗവതിത്തറ റോഡ് മെറ്റലിംഗ് | 127984 | 125639 |
| S0133/15-16കമ്മ്യൂണിറ്റിഹാൾ പൊന്നച്ചംചാൽ റോഡ് മെററലിംഗ് | 205500 | 188734 |
| S088/15-16ഈരയിൽ-കൽച്ചിറ റോഡ് ഫില്ലിംഗ് മെറ്റലിംഗ് | 281692 | 280843 |
| S091/15-16പാലക്കാട്ട്-മുട്ടേൽ റോഡ് ഫില്ലിംഗ് മെറ്റലിംഗ് | 78000 | 75899 |
| S0122/15-16എസ്.സി.ബി.കെ.മുരിപ്പത്ത് റോഡ് മെറ്റലിംഗ് | 203984 | 202261 |
| S0123/15-16ഷൺമുഖം -ചിരട്ടേപ്പറമ്പ് റോഡ്ഫില്ലിംഗ് മെറ്റലിംഗ് | 153984 | 152150 |
| S0126/15-16കായൽതീരം-കൈപ്പുഴമുട്ട്റോഡ്ഫില്ലിംഗ് | 153984 | 152784 |

മെറ്റലിംഗിനു മാത്രമായി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കുന്നതുമൂലമുള്ള അധികച്ചെലവ് ഒഴിവാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ടവർ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം-ഇല്ല

## 4-2. നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21500264 | 21500 | 21500 | | |

| | | | | | | |
|---|---|---|---|---|---|---|
| KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21500913 | 350000 | 350000 | | |
| KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21500912 | 259988 | 259988 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്-ഇല്ല

## 4-4 . വായ്പ/വായ്പ തിരിച്ചടവിന്റെ വിവരം.

വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ് ഭവനപദ്ധതി | G.O (MS) 496/2010/LSGD/ 15.02.10 | 11430000 | 3075355 | 1369000 | | 1706355 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ- ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി -ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| | 2001-02<br>X-13 | രസീതിലെ തീയതി തിരുത്തി താത്കാലിക പണാപഹരണം നടത്തിയത് | ബഹു.ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 45945427 (14562516/- രൂപ മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43903307 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 926488 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം -ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 65000 | ശ്രീ.സി.ആർ.പ്രസാദ്, സെക്രട്ടറി |
| 3-4(2) | 50000 | ശ്രീ.കെ.സി.സന്തോഷ്, വെറ്റിനറി സർജൻ |
| 3-4(3) | 180000 | ശ്രീ.കെ.ശിവദാസൻ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-9 | 631488 | ശ്രീ.സി.ആർ.പ്രസാദ്, സെക്രട്ടറി |
| ആകെ | 926488 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം- ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ – ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ - ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിയ്ക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1998-99 | എൽ.എഫ്.കെ.പി5/562/00/8.6.04/3.9.04 | 2 |
| 1998-99 ചെലവ് | കെ.എസ്.എ.കെ.ടി.എം പി6/1668/15/12.5.16 | 4 |
| 00-01, 01-02 പ്ലാൻ | കെ.എസ്.എ.കെ.ടി.എംപി6/552/15/4.1.16 | 5 |
| 02-03 വരവ് | എൽ.എഫ്.കെ.പി.7/1397/07/24.3.08/7.5.08 | 3 |
| 02-03 ചെലവ് | കെ.എസ്.എ.കെ.ടി.എം.പി6/417/15/4.1.16 | 5 |
| 03-04 ചെലവ് | കെ.എസ്.എ.കെ.ടി.എം.പി6/418/15/4.1.16 | 8 |
| 03-04 വരവ് | എൽ.എഫ്.കെ.പി.6/558/07/15.5.08/30.7.08 | 7 |
| 04-05 ചെലവ് | കെ.എസ്.എ.കെ.ടി.എം.പി6/419/15/4.1.16 | 3 |
| 04-05 വരവ് | എൽ.എഫ്.കെ.പി.7/190/10/19.3.10 | 8 |
| 05-06 | കെ.എസ്.എ.കെ.ടി.എം.പി6/420/15/4.1.16 | 4 |
| 06-07 | കെ.എസ്.എ.കെ.ടി.എം.പി6/421/15/4.1.16 | 5 |
| 07-08 | കെ.എസ്.എ.കെ.ടി.എം.പി6/422/15/4.1.16 | 8 |
| 08-09 | കെ.എസ്.എ.കെ.ടി.എം.പി6/423/15/4.1.16 | 4 |
| 09-10 | കെ.എസ്.എ.കെ.ടി.എം.പി6/424/15/4.1.16 | 6 |
| 10-11, 11-12 | കെ.എസ്.എ.കെ.ടി.എം.പി6/425/15/4.1.16 | 8 |
| 12-13, 13-14 | കെ.എസ്.എ.കെ.ടി.എം.പി6/1015/15/15.3.16 | 7 |
| 14-15 | കെ.എസ്.എ.കെ.ടി.എം.പി6/743/16/16.06.16 | 7 |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.ടി.എം.പി.6-1676/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി- 07.11.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെച്ചൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, കോട്ടയം